ഉത്തരം

മാറാട് മത്സ്യഗ്രാമം പദ്ധതിയിൽ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് മുഖേന 59 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം വീട് നിർമ്മാണ ധനസഹായം അനുവദിക്കുകയും 57 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും 2 ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ അവസാനഘട്ട (കോൺക്രീറ്റ് റൂഫ് ഘട്ടം) പൂർത്തീകരണത്തിലുമാകുന്നു. ഈ പദ്ധതിപ്രകാരം ആകെ 145.5 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

മാതൃകാ മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാറാട് മത്സ്യഗ്രാമത്തിൽ 70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 7 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയും മാറാട്, ബേപ്പൂർ മത്സ്യഗ്രാമങ്ങളിലായി 26 ലക്ഷം രൂപയുടെ വൈദ്യുതീകരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതി മാറാട് മത്സ്യഗ്രാമത്തിൽ നടപ്പിലാക്കിവരുന്നതിനാൽ അതിന്റെ ഭാഗമായി മാത്രമേ പ്രസ്തുത കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളുവെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതിനാൽ പദ്ധതി നടപ്പാക്കാൻ കാലതാമസം നേരിടുന്നു. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതീകരണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി കരാർ ഒപ്പുവയ്ക്കുകയും ഫണ്ട് കൈമാറുകയും ചെയ്തുകഴിഞ്ഞു.

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതി ആറ് മാസത്തിനകം പൂർത്തിയാകും. കുടിവെള്ള പദ്ധതി മറ്റ് പദ്ധതികളുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ അതിനനുസൃതമായി പൂർത്തിയാക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പരിരക്ഷ

112 (7675) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന ആം ആദ്മി ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തുകയും സ.ഉ.(സാധാ)561/14/ മ.തു.വ. തീയതി 8-7-2014 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ആത്മഹത്യ ഒഴികെ ഏത് സാഹചര്യത്തിൽ മരണപ്പെട്ടാലും ആശ്രിതർക്ക് ധനസഹായമായി 30,000 രൂപ ലഭിക്കുന്നു. അപകടംമൂലമാണ് മരണപ്പെടുന്നതെങ്കിൽ 70,000 രൂപ ധനസഹായമായി ലഭിക്കുന്നു.

(ബി) കേരളത്തിലെ 309716 മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത മത്സ്യ/അനുബന്ധ തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നു.

(ഡി) ആം ആദ്മി ബീമാ യോജന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ലംപ്സം ഗ്രാന്റ്

113 (7676) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിൽ എത്ര തുകയാണ് ലംപ്സം ഗ്രാന്റായി അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ ഓരോ ജില്ലയും ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കഴിഞ്ഞ സാമ്പത്തിക വർഷം മൊത്തം 8 കോടി രൂപ അനുവദിച്ചിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്

114 (7677) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് (ഗ്രാന്റ്) ഇപ്പോൾ ലഭിക്കാത്തതുമൂലം ഇവരുടെ വിദ്യാഭ്യാസം തന്നെ അവതാളത്തിലാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.